# എന്റെ ദൈവം എന്റെ പുകഴ്ച

## ആവർത്തനപുസ്തകം 10:21

"അവൻ ആകുന്നു നിന്റെ പുകഴ്ച, അവൻ ആകുന്നു നിന്റെ ദൈവം. നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തത് അവൻ തന്നേ."

നമ്മെ സന്തോഷിപ്പിക്കുന്നതായ ഈ വാക്യങ്ങൾ നാം വായിക്കുമ്പോഴും, ധ്യാനിക്കുമ്പോഴും നമ്മുടെ ദൈവം എത്ര മഹത്വമേറിയവനാണെന്നും സകല പുകഴ്ചയ്ക്കും യോഗ്യൻ അവൻ മാത്രമാണെന്നും ഉള്ള യാഥാർത്ഥ്യം നാം തിരിച്ചറിയേണം. യിസ്രായേൽമക്കൾ വെറും എഴുപതുപേർ മാത്രമായി മിസ്രയീമിലേക്ക് കടന്നുചെന്നെങ്കിൽ അവരെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ എണ്ണിക്കൂടാതവണ്ണം വർദ്ധിപ്പിച്ച ഒരു ദൈവമാണ് നമ്മുടേത്. നമ്മുടെ പിതാക്കന്മാരെ അടയാളങ്ങളാലും അത്ഭുതങ്ങളാലും തന്റെ ബലമുള്ള കയ്യാലും നീട്ടിയ ഭുജത്താലും മഹാനീതികൊണ്ടും മിസ്രയീംദേശത്തു നിന്നു കൊണ്ടുവരികയും പാലും തേനും ഒഴുകുന്ന കനാൻദേശം അവർക്ക് വാഗ്ദത്തം ചെയ്തതു പോലെ അവകാശമായി കൊടുക്കുകയും ചെയ്തു (യിരെ. 32:20-22). ഈ മഹത്വം തിരിച്ചറിഞ്ഞ മോശയും, യിസ്രായേൽ മക്കളും സന്തോഷത്തോടെ യഹോവയ്ക്ക് സങ്കീർത്തനം പാടിയതിങ്ങനെയാണ്. "എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ" അവൻ എനിക്കു രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം, ഞാൻ അവനെ സ്തുതിക്കും, അവൻ എന്റെ പിതാവിൻ ദൈവം, ഞാൻ അവനെ പുകഴ്ത്തും'' (പുറപ്പാട് 15:2). ദാവീദും തന്റെ സങ്കീർത്തനത്തിൽ ഇപ്രകാരം പറയുന്നു. "യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനെ, നീ പരിശുദ്ധനാകുന്നുവല്ലോ." (സങ്കീ. 22:3)

അനേകം നന്മകളാൽ അവൻ ഇന്ന് നമ്മെയും അനുഗ്രഹിച്ച് വഴി നടത്തുന്നു. പലപ്പോഴും ആ നന്മകൾ അനുഭവിച്ചുകൊണ്ട് ദൈവത്തോട് മറുതലിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മിൽ കാണുന്നത്. കാരണം നന്മകൾ ലഭിക്കുമ്പോൾ മാത്രം നാം ദൈവത്തെ ഓർക്കുകയും അതിനേക്കാൾ വേഗത്തിൽ അവൻ ചെയ്ത ഉപകാരങ്ങൾ ഒക്കെ മറക്കുകയും ചെയ്യുന്നു. നമ്മിൽ മിക്കവർക്കും ആത്മീയ നേട്ടങ്ങളെക്കാൾ ഉപരിയായി ഭൗതീകമായ സുഖങ്ങളിലും നേട്ടങ്ങളിലുമാണ് താല്പര്യം. അതിനുവേണ്ടി എത്ര കഷ്ടപ്പെടുവാനും നാം തയ്യാറാകും. ജോലിയിൽ നേട്ടം ലഭിപ്പാനും, സമൂഹത്തിൽ സ്ഥാനം ലഭിക്കാനുമുള്ള പരിശ്രമത്തിൽ നമ്മുടെ കൂടെയുള്ളവരെയും, ഉറ്റ സ്നേഹിതരെപ്പോലും മറക്കാനും ത്യജിക്കാനും ഇടവരുന്നു. ഇങ്ങനെ ചെയ്യുകവഴി ദൈവത്തെ കോപിപ്പിക്കുകയും,

വേദനിപ്പിക്കുകയുമാണ് നാം ചെയ്യുന്നത്. എന്നാൽ വചനത്തിൽ നാം ഇപ്രകാരം കാണുന്നു. "യഹോവയെ ഭയപ്പെട്ട് പൂർണ്ണഹൃദയത്തോടും, പരമാർത്ഥതയോടും കൂടെ സേവിക്കമാത്രം ചെയ്‌വിൻ. അവൻ നിങ്ങൾക്ക് എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്ന് ഓർത്തുകൊൾവിൻ." (1 ശമു. 12:24). ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന രക്ഷയെ നാം ഏറ്റെടുത്തു കഴിയുമ്പോൾ യഹോവയ്ക്ക് സ്തോത്രം ചെയ്‌വാനും, അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പറയുവാനും, അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പാനും നമുക്ക് ഉത്സാഹം തോന്നും.

നാം ഓർക്കേണ്ടതായ ഒരു കാര്യമുണ്ട്. ഈ കാണുന്ന സകല പ്രപഞ്ചത്തെയും അതിന്റെ പൂർണ്ണതയോടും, മനോഹാരിതയോടും സൃഷ്ടിച്ച കർത്താവായിരിക്കണം നമ്മുടെ പുകഴ്ച. അവന്റെ നാമം ആയിരിക്കണം നമ്മുടെ പ്രശംസ. നൊടിയിടയിൽ നശിച്ചു പോകാവുന്ന സമ്പത്തിലോ, പ്രതാപത്തിലോ സ്ഥാനമാനങ്ങളിലോ ഒരു ദൈവപൈതൽ പ്രശംസിപ്പാനോ, പുകഴുവാനോ ഇടയാകരുത്. നമ്മുടെ പിതാക്കന്മാർക്കുവേണ്ടി മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ ചെയ്ത ദൈവം നമ്മെയും വഴി നടത്താൻ ശക്തനാണെന്ന ഉത്തമബോധ്യത്തോടെ ജീവിക്കുക. നമ്മെ നിത്യതയോളം വഴി നടത്തുവാൻ മതിയായവനായ ഈ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

2 കൊരിന്ത്യർ 12:2-6

ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു: അവൻ പതിന്നാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ എന്നു ഞാൻ അറിയുന്നില്ല, ശരീരം കൂടാതെയോ എന്നുമറിയുന്നില്ല; ദൈവം അറിയുന്നു. ആ മനുഷ്യൻ പരദീസയോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു. മനുഷ്യന്നു ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്നു ഞാൻ അറിയുന്നു. അവനെക്കുറിച്ചു ഞാൻ പ്രശംസിക്കും; എന്നെക്കുറിച്ചോ എന്റെ ബലഹീനതകളിൽ അല്ലാതെ ഞാൻ പ്രശംസിക്കയില്ല.

സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 007